ജോലിയിൽ ഏർപ്പെടാനാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷയും ഉറപ്പാക്കിയിട്ടുണ്ട്.

ദേവസ്വം ബോർഡിലെ നിയമന ചട്ടങ്ങളിൽ മാറ്റം വരുത്താൻ നടപടി

21 [*105] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
„ ടി. കെ. ദേവകുമാർ:
„ വി. കെ. ചന്ദ്രൻ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമനങ്ങൾ ഒരു സ്വതന്ത്ര ഏജൻസിക്ക് വിടുന്നതിനും പിന്നോക്ക പട്ടിക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനും ഉദ്ദേശമുണ്ടോ;

(സി) ദേവസ്വം ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതിയുടെ സ്വഭാവം വിശദമാക്കുമോ; പരാതികളിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) പരിഗണനയിലില്ല.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

ഖാദിത്തൊഴിലാളി ക്ഷേമനിധി പദ്ധതി

22 [*106] ശ്രീ. എൻ. രാജൻ:
„ പി. നാരായണൻ:
„ പിരപ്പൻകോട് മുരളി:
„ പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിത്തൊഴിലാളി ക്ഷേമനിധി പദ്ധതിയെക്കുറിച്ചുള്ള പഠനസമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly